# “ദൈവീക വിശുദ്ധി”

1 പത്രോസ് 1:16

“ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ.”

നമ്മുടെ ദൈനംദിന ജീവിതത്തിന്റെ, നമ്മുടെ ശരീരത്തിന്റെയും, വസ്ത്രങ്ങളുടെയും, വീടിന്റെയും ഒക്കെ വൃത്തിയും വെടിപ്പും നാം വലിയ നിഷ്കർഷതയോടെ കാത്തു സൂക്ഷിക്കുന്നവരാണ്. എന്നാൽ നമ്മുടെ മനസ്സിന്റെ (ഹൃദയത്തിന്റെ) ശുദ്ധീകരണത്തിന്റെ കാര്യത്തിൽ നാം എത്ര മാത്രം ശ്രദ്ധ ചെലുത്തുന്നുണ്ട്? ദൈവത്തിന്റെ സന്നിധിയിൽ ശുദ്ധീകരണം പ്രാപിച്ച ഹൃദയത്തിനു വലിയ പ്രാധാന്യമുണ്ട് എന്നു വചനം പറയുന്നു.

പഴയനിയമത്തിൽ ശുദ്ധീകരണത്തിനായി യാഗനിയമങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് സർവ്വ മനുഷ്യ വർഗ്ഗത്തിന്റെയും ശുദ്ധീകരണത്തിനായി കാൽവറിയിൽ ഒരു വലിയ പാപപരിഹാര യാഗം അർപ്പിക്കപ്പെട്ടു. ആ രക്തത്താൽ ആര് കഴുകൽ പ്രാപിക്കുന്നുവോ അവർ ശുദ്ധീകരണം പ്രാപിച്ച് വീണ്ടെടുപ്പിന്റെ മഹത്തായ അനുഭവത്തിലേക്ക് പ്രവേശിക്കുന്നു. നാം സ്വയം ശുദ്ധീകരിച്ചതല്ല മറിച്ച് പുത്രന്റെ രക്തം നമ്മെ ശുദ്ധീകരിച്ചെടുക്കുന്നു.

എന്നാൽ വീണ്ടെടുക്കപ്പെട്ടവരായ ദൈവമക്കൾ ജീവിക്കുന്നത് പാപ ലോകത്തിലാണ്. അറിഞ്ഞും അറിയാതെയും നാം അതിലേക്ക് വീണു പോകുന്നു. വാക്കിലും, ചിന്തയിലും, പ്രവൃത്തിയിലുമെല്ലാം നാം തെറ്റിപ്പോകാൻ ഇടയായെന്നും വരാം. ഈ അശുദ്ധിയിൽ തന്നെ തുടർന്നു കൊണ്ട് ദൈവപൈതലായി ജീവിക്കുക സാധ്യമല്ല. പിന്നെയോ നമ്മുടെ കുറവുകൾ വാസ്തവമായി ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. ഒരിക്കലായി നമ്മെ വീണ്ടെടുത്ത രക്തത്താൽ കഴുകൽ പ്രാപിക്കണം. അത് അനുനിമിഷം നമ്മെ ശുദ്ധീകരിക്കുന്നു, പാപത്തോട് സന്ധി ചെയ്തിട്ടുള്ള ഒരു ജീവിതം സാധ്യമല്ല. വിശുദ്ധിക്കു വേണ്ടിയുള്ള അടങ്ങാത്ത ദാഹം മനസ്സിൽ ഉണ്ടാവണം. അതിനായി നിരന്തരം പ്രാർത്ഥിക്കണം. ദൈവത്തിന്ന് മറവായിരിക്കുന്നതൊന്നുമില്ല എന്ന സത്യം നമ്മെ ഭരിക്കണം.

കാപട്യമില്ലാത്ത അകൃത്യങ്ങൾ ഒളിച്ച് വെയ്ക്കാത്ത പൂർണ്ണ വിശുദ്ധിയുള്ള ഹൃദയത്തിനായി ദൈവത്തോട് പ്രാർത്ഥിക്കാം; കാരണം അവിടെയാണ് ദൈവീക അനുഗ്രഹങ്ങൾ വെളിപ്പെട്ടു വരുന്നത്.

പരാമർശം :

1 യോഹന്നാൻ 1:7

“അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 009